# വചന വിചിന്തനം : ജൂൺ 28 ഞായർ, 2009

വി. ലൂക്ക. 12: 16-34

ധനത്തോടുള്ള സമീപനത്തിൽ രണ്ടു പാളത്തിലൂടെയാണ് എല്ലാ മനുഷ്യരുടെയും ജീവിത യാത്രകൾ എന്ന് ക്രിസ്തു നിരീക്ഷിക്കുന്നു.-ഒന്ന് തനിക്കുവേണ്ടി തന്നെ സമ്പത്തു ശേഖരിക്കുന്നവനും അവന്റെ വഴികളും. മറ്റൊന്ന് ദൈവസന്നിധിയിൽ സമ്പത്ത് ശേഖരിക്കുന്നവനും അവന്റെ ദൈവരാജ്യത്തിലേക്കുള്ള വഴികളും.

ഈ രണ്ട് വ്യത്യസ്ത മനോഭാവങ്ങളുടെയും ജീവിത ചിത്രങ്ങളാണ് സുവിശേഷത്തിന്റെ പ്രതിപാദ്യം.

തലമുറകൾക്കു വേണ്ട വിഭവങ്ങളൊരുക്കി സംതൃപ്തിയടയുന്ന ധനികനാണ് ആദ്യഗണത്തിന്റെ പ്രതിനിധി. ധനം എല്ലാമാണെന്നു കരുതുന്ന ഒരു പ്രായോഗികദർശനത്തിലാണ് കമ്പോളത്തിന്റെ സംസ്ക്കാരം തുടങ്ങുന്നത്. ലാഭകൊതിയിൽ അന്ധതയുണ്ട് എന്നറിയാതെ, ആർത്തിയുടെ ഇരുട്ടിൽ ദൂരക്കാഴ്ചമങ്ങുമെന്നറിയാതെ കമ്പോളത്തിന്റെ വഴികളിലൂടെ നടക്കുന്നവർ. ഈ യാത്രയിൽ ഒരിക്കലും അവന്റെ മിഴികൾ ഭൂമിക്കു മീതെ ഉയരില്ല... കണ്ണുയർത്താനാവാതെ ഉന്നതങ്ങളിലെ ദർശനം നഷ്ടപ്പെടുന്നവൻ. മണ്ണിലടിയുന്ന ജീവിതത്തിനപ്പുറത്ത് കാഴ്ചവെട്ടം എത്താത്തവൻ. ഭോഷനെന്നാണ് അവനെ ക്രിസ്തു വിളിക്കുന്നത്. കാരണം, അപ്രതീക്ഷിതമായാണ് മരണത്തിന്റെ ദൂത് എത്തുക. അപ്പോൾ ഒരു കണക്കെടുപ്പ്- ഇതുവരെ ശേഖരിച്ചതിൽ നിന്ന് വിട്ടിട്ട് പോകേണ്ടതും കൊണ്ടുപോകാനുള്ളതും എന്തൊക്കെയെന്ന്.

സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കാൻ മറന്നുപോയവൻ പരാജിതനാവുകയാണ്.

രണ്ടാമത്തെ ഗണത്തിന്റെ വ്യഗ്രത സ്വത്ത് സമ്പാദിക്കുന്നതിലല്ല. ദൈവപരിപാലനയിൽ ആശ്രയിക്കുന്നതിലാണ്. അവരുടെ വഴികൾ ആസക്തികളിൽ ബന്ധിക്കപ്പെട്ടിട്ടില്ല... ആകാശത്തോളം ഉയരാൻ സ്വാതന്ത്ര്യമുണ്ട്- പറവകളെപ്പോലെ. അദ്ധ്വാനിക്കുന്നു എങ്കിലും കലവറയും കളപ്പുരയും അവയുടെ ജീവിതത്തിന്റെ ഇടം ചുരുക്കുന്നില്ല. ജീവിതദൈർഘ്യത്തെപ്പറ്റിയുള്ള ആശങ്കകൾ അവയുടെ സൗന്ദര്യം നഷ്ടപ്പെടുത്തുന്നില്ല-വയലിലെ ലില്ലികളെപ്പോലെ. അമിത രക്തസമ്മർദ്ദവും മാനസിക വ്യഗ്രതകളും രോഗാതുരമാക്കാത്ത ജീവിതവഴികളെപ്പറ്റിയാണ് ഈ നിരീക്ഷണം. ഇതിന്റെ അടിസ്ഥാനം ക്രിസ്തു പങ്കുവച്ച നല്ല വിശേഷമാണ്... സ്നേഹമുള്ള പിതാവ് മക്കളെയെന്നതുപോലെ ദൈവം നിങ്ങളെ പരിപാലിക്കുന്നു!

ഏതു കൊടുങ്കാറ്റുകളിലും നിന്റെ ജീവിതതോണിയുടെ അമരത്ത് ഒരു ക്രിസ്തു സാന്നിദ്ധ്യം ഈ പരിപാലനയുടെ താങ്ങുന്ന കരങ്ങളായി ഉണ്ടാകും എന്ന്.

വായിച്ചറിഞ്ഞപ്പോൾ ആദരവുതോന്നിയ ഒരു സ്ത്രീയുടെ കഥയിങ്ങനെ:

വിധവയായ ഒരു ഭിക്ഷക്കാരി. ജീവിതത്തിന്റെ സായാഹ്നത്തോട് അടുക്കുമ്പോൾ ഇനി തെരുവിൽ ഭിക്ഷതെണ്ടി അലയുന്നതിന് കാലുകൾക്ക് ബലം പോരാ എന്ന തോന്നൽ. ആകെ സ്വന്തമായുള്ളത് മൂന്നു ചെറിയ കുട്ടികൾ. ഇനി അവർക്കുവേണ്ടി തന്റെ സമ്പാദ്യം വീതം വച്ചു നല്കുകയാണ് അമ്മ. ഈ വീതം വയ്പിന്റെ സാക്ഷി പാലാ ടൗണിലെ കുരിശടി. പ്രതീക്ഷയോടെ മക്കൾ. മൂന്നുമക്കളെയും നെഞ്ചോടു ചേർത്തുവച്ചിട്ട് മിഴികളുയർത്തി നില്ക്കുന്ന അമ്മ. അവർക്കറിയാം മക്കൾക്കായി വീതം നല്കാൻ ഒന്നുമില്ലെന്ന്. ഒടുവിൽ ഒന്നാമത്തെ കുഞ്ഞിന് വീതമായി നല്കുന്നത് കുരിശുപള്ളികവലയിൽ നിന്ന് വലത്തോട്ടു കിടക്കുന്ന ഒരു റോഡ്! രണ്ടാമത്തെ കുഞ്ഞിന് ഇടത്തേക്ക് കിടക്കുന്ന വഴി. മൂന്നാമത്തെ കുട്ടിക്ക് നേരെ മുൻപോട്ടു പോകുന്ന നിരത്ത്.. ഈ റോഡുകളിൽ നിങ്ങൾ ഭിക്ഷതെണ്ടി ജീവിച്ചുകൊള്ളുക! ഈ വീതം വയ്പിന്റെ ഒടുവിൽ ഒരു ഒപ്പു വയ്ക്കലും. ''ഇത്രയും നാൾ നമ്മളെ കാത്ത ദൈവം ഇനിയും നിങ്ങളെ കാത്തുകൊള്ളും മക്കളെ''..... ഇതു പറയുമ്പോൾ അവർ വിതുമ്പുന്നുണ്ട്. എങ്കിലും കണ്ണീർതുള്ളികളിൽ വിശ്വാസത്തിന്റെ ഏഴു നിറങ്ങളും തെളിയുന്നു..

ഒന്നുമില്ലാത്തപ്പോഴും ദൈവം കൈവിടില്ല എന്നു ഉറച്ചു വിശ്വസിക്കുന്ന ഈ സാധാരണ സ്ത്രീയുടെ മുമ്പിൽ എങ്ങനെയാ സ്വർഗ്ഗം സംപ്രീതനാകാതിരിക്കുക!

പരിപാലനയുടെ ഈ ആഴമായ ബോധ്യം നെഞ്ചിലെ ചൂടായി സൂക്ഷിച്ചതുകൊണ്ടാണ് ഒരു മദർ തെരേസ വെറും അഞ്ചു രൂപയുടെ മുതൽ മുടക്കി ആയിരങ്ങൾക്ക് വച്ചു വിളമ്പിയത്.... സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിച്ചു വയ്ക്കുന്നവരുടെ ജീവിതക്രമിതാണ്.

ദൈവപരിപാലനയുടെ മറ്റൊരു തലം നാം ശ്രദ്ധിക്കപ്പെടാതെ പോകുന്നത് ''ഹൃദയവയൽ'' എന്ന ഗ്രന്ഥത്തിലെ നിരീക്ഷണമാണ്.

കുരിശിൽ കിടന്ന് നിലവിളിച്ചു മരിക്കുന്ന തമ്പുരാൻ..... പിതാവേ നീ പോലും എന്നെ കൈവെടിഞ്ഞോ....? പക്ഷെ ഈശോയുടെ വചനങ്ങൾ അവിടെ അവസാനിക്കുന്നില്ല. സഹനങ്ങളുടെ തീവ്രനിമിഷങ്ങൾക്കൊടുവിൽ മരണമുഖത്തുനിന്ന് അവൻ വീണ്ടും ഇപ്രകാരം പറയുന്നു... ''പിതാവേ ഇതാ നിന്റെ തൃക്കരങ്ങളിലേക്ക് എന്റെ ആത്മാവിനെ സമർപ്പിക്കുന്നു!''- ഇതാണ് പരിപാലനയുടെ ബോധ്യം. സഹനങ്ങൾ ഉണ്ടാകാതിരിക്കുന്നതല്ല... തീവ്രസഹനങ്ങളിലും പിതാവിന്റെ ഹിതത്തിന് സമർപ്പിക്കുന്ന മനുഷ്യപുത്രന്റെ മനോഭാവമാണ് ദൈവപരിപാലനയുടെ ബോധ്യം എന്നറിയുക.

**ഫാ. അലക്സ് വേലാച്ചേരിൽ**